LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുരങ്ങാടി താലൂക്കിലെ പെരുവള്ളൂർ വില്ലേജിലെ പെരുവള്ളൂർ അംശത്തിൽ വരുന്ന വിവിധ റീ-സർവ്വേകളിൽപ്പെട്ട ഭൂമിക്ക് നികുതി സ്വീകരിക്കുന്നില്ല. തിരുരങ്ങാടി ലാന്റ് ബോർഡിന്റെ 18-3-2006-ലെ സി.ആർ. 522/1973 നമ്പർ നടപടിക്രമപ്രകാരം മിച്ചഭൂമിയായി ഏറ്റെടുക്കാൻ ഉത്തരവായിരുന്ന മേൽപ്പറഞ്ഞ ഭൂമി, നിരവധി കുടുംബങ്ങൾ ആധാരം, ക്രയസർട്ടിഫിക്കറ്റ് എന്നിവ സഹിതം കൈവശം വച്ചുവരുന്നു. എന്നാൽ മിച്ചഭൂമിയായി പ്രഖ്യാപിക്കപ്പെട്ട സ്ഥലം സർക്കാർ ഭൂമിയായതിനാലും കേരള ഭൂപരിഷ്കരണ നിയമത്തിന്റെ രണ്ടാം വകുപ്പ് ഒന്നാം ഉപവകുപ്പിന്റെ പരിധിയിൽ വരുന്നതിനാലും ടി ഭൂമിക്ക് നികുതി സ്വീകരിക്കുവാൻ സാധിക്കുകയില്ല. ടി ഭൂമിയുടെ കൈവശാവകാശത്തിനായി കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 85(8) പ്രകാരം താലൂക്ക് ലാന്റ് ബോർഡ് മുമ്പാകെ ഹർജി സമർപ്പിക്കുന്നതിന് ടി കുടുംബങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊന്നാനി താലൂക്കിൽ പൊന്നാനി നഗരം, ഈഴുവത്തിരുത്തി, മാറഞ്ചേരി, വെളിയങ്കോട്, ആലങ്കോട്, നന്നംമുക്ക് എന്നീ വില്ലേജുകളിൽ മിച്ചഭൂമിയായി ഏറ്റെടുക്കാൻ ഉത്തരവായിട്ടുള്ളതും അന്യകൈവശമായതിനാൽ ഏറ്റെടുക്കാൻ കഴിയാത്തതുമായ ഭൂമിക്ക് നികുതി സ്വീകരിക്കുന്നില്ല.

ഏറനാട് താലൂക്കിലെ മലപ്പുറം വില്ലേജിൽ 465/1-ൽ ഉൾപ്പെട്ട 7 ഏക്കർ 45 സെന്റ് ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്തതിനാൽ പ്രസ്തുത ഭൂമിക്ക് നികുതി സ്വീകരിക്കുന്നില്ല. ഊർങ്ങാട്ടിരി വില്ലേജിൽ മിച്ചഭൂമിയായി ഏറ്റെടുത്ത് പതിച്ച് കൊടുക്കാത്തതും, മിച്ചഭൂമി കേസിൽ ഉൾപ്പെട്ടതും, പുറമ്പോക്ക് കൈവശം വച്ച് വരുന്നതുമായ ഭൂമിക്ക് നികുതി സ്വീകരിക്കുന്നില്ല. പെരകമണ്ണ വില്ലേജിൽ നിക്ഷിപ്ത വനഭൂമി പതിച്ചു കൊടുക്കൽ നിയമപ്രകാരം പതിച്ചുകൊടുത്ത ഭൂമിക്കും ക്വാറി നടത്തിപ്പും മറ്റ് നിയമ ലംഘനം നടത്തുന്ന ഭൂമിക്കും നികുതി സ്വീകരിക്കുന്നില്ല. പയ്യനാട് വില്ലേജിലെ സത്രം വക ഭൂമിക്കും, പന്തല്ലൂർ വില്ലേജിലെ സുപ്രീം കോടതിയിൽ കേസുള്ള 300 ഏക്കറോളം വരുന്ന ഭൂമിക്കും നികുതി സ്വീകരിക്കുന്നില്ല. നിലമ്പൂർ താലൂക്കിലെ കേരള എസ്റ്റേറ്റ് വില്ലേജിൽ സി2 ഡിവിഷനിൽപ്പെട്ട 257.79 ഏക്കർ തോട്ടഭൂമിയുടെ നികുതി സ്വീകരിക്കുന്നില്ല. ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതി മുമ്പാകെ ഡബ്യു.പി.(സി) 36009/15 നമ്പരായി കേസ് നിലവിലുണ്ട്.

വരൾച്ച ദുരിതാശ്വാസത്തിനായി അനുവദിച്ച തുക

141(3021) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014, 2015 എന്നീ വർഷങ്ങളിൽ കൊല്ലം ജില്ലയിൽ വരൾച്ച ദുരിതാശ്വാസത്തിനായി എത്ര തുക നൽകിയെന്ന് വിശദമാക്കുമോ;

(ബി) വിതരണം ചെയ്ത തുകയുടെ വിശദവിവരം ജില്ല തിരിച്ച് നൽകുമോ;

(സി) തുക അനുവദിക്കാത്ത ജില്ലകളുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)

സാമ്പത്തിക വർഷം	അനുവദിച്ച തുക (രൂപയിൽ)
2013-14	2,11,00,000
2014-15	1,00,00,000

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ബാധകമല്ല.

പാലക്കാട് ജില്ലയിലെ റവന്യൂ റിക്കവറി നടപടി

142(3022) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-11-2015-ന് അവസാനിച്ച കാലയളവിൽ സ്റ്റേ ഉൾപ്പെടെ റവന്യൂ റിക്കവറി ഇനത്തിൽ എത്ര രൂപയാണ് പാലക്കാട് ജില്ലയിൽനിന്നും പിരിച്ചെടുക്കുവാനുള്ളത്;

(ബി) ഇതിൽ എത്ര രൂപയ്ക്കുള്ള സ്റ്റേ അനുവദിച്ചിട്ടുണ്ട്; ഗവൺമെന്റ് സ്റ്റേ, കോടതി നൽകിയ സ്റ്റേ, മറ്റ് അധികാര സ്ഥാപനം നൽകിയ സ്റ്റേ എന്നിവ പ്രത്യേകം അറിയിക്കാമോ;

(സി) ബാങ്കിലേക്ക് ഈടു നൽകാതെയും വിദ്യാഭ്യാസ വായ്പ എടുത്തവരും കാർഷിക വായ്പ എടുത്തവരും കുടിയിരുപ്പ് അല്ലാതെ മറ്റ് സ്ഥാവരജംഗമ സ്വത്തുക്കൾ ഇല്ലാത്തവരുമായ കുടിശ്ശികക്കാരിൽനിന്നും എങ്ങനെയാണ് തുക പിരിച്ചെടുക്കുന്നത്;

(ഡി) ഇത്തരം കേസുകൾ എത്രയുണ്ട്; ഇവ പരിശോധിച്ച് റവന്യൂ റിക്കവറി നടപടി നിർത്തിവയ്ക്കുന്നതിനോ അല്ലെങ്കിൽ തിരികെ അയയ്ക്കുന്നതിനോ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ സ്റ്റേ ഉൾപ്പെടെ റവന്യൂ റിക്കവറി ഇനത്തിൽ ആകെ 2,83,91,93,282 രൂപ കുടിശ്ശികയുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly